**316** വാനലോകത്തെഴുന്നള്ളിനാൻ ശ്രീയേശുനാഥൻ
വാനലോകത്തെഴുന്നള്ളിനാൻ
വാനലോകത്തെഴുന്നള്ളിനാ-
നൊലിവുമലയിൽ നിന്നാനനമുയർത്തി
ശിഷ്യർ വാനിൽ നോക്കി നിന്നിടവേ

1 വിണ്ണുലകത്തിൽ നിന്നിറങ്ങി മനുജാതനായി
വന്നു മാ ഗുരുവായ് വിളങ്ങി
ചൊന്നു ശിഷ്യരോടുപദേശം നന്മ ചെയ്തു
നടന്നറിയിച്ചു സുവിശേഷം
മന്നിടത്തുള്ളോർക്കു ചോര ചിന്തി
മരിച്ചു മരണം വെന്നുയിർത്തു
നാൽപതാം നാളിന്നിലംവിട്ടു ജയമായ്-

2 മൽക്കിസദേക്കിന്റെ ക്രമത്തിൽ പുരോഹിത വേലയ്ക്കു
തന്റെ സ്വന്തരക്തത്തെ തൃക്കരത്തങ്കത്തളികയിലേന്തിയതിങ്കൽ
മുക്കിയവിരലുള്ളവനായിക്കുല പാപമൊക്കെയ്ക്കും
തക്ക പരിഹാരം ചെയ്‌വാൻ സ്വർഗ്ഗമാം വിശുദ്ധസ്ഥലം
നോക്കി മഹാ പുരോഹിതൻ-

3 തന്നിൽ വിശ്വസിക്കുന്നോർക്കായിട്ടഴി
വില്ലാത്ത മന്ദിരമൊരുക്കുവാനായി
എന്നുമവരോടിരിപ്പാനായ് സത്യാത്മാവേ
പകർന്നവർക്കു കൊടുപ്പാനായി
ഉന്നതൻ വലഭാഗത്തിരുന്നു പക്ഷവാദം
ചെയ്തു തന്നുടയോർക്കു മോചനം തന്നു രക്ഷിപ്പാനായി-

4 സേനയിൽ കർത്തൻ പരിശുദ്ധൻ എന്നു
സ്വർഗ്ഗീയ സേനകൾ സ്തുതിച്ചു പാടവേ
വാനമാർന്ന ശിഷ്യർ മുഖത്തിൽ തിരു-
ക്കടാക്ഷം വീണുവിടർന്നു വിളങ്ങവേ
വാനവർ സാക്ഷിനിൽക്കവേ മാനവർ പാപം നീങ്ങവേ
കാണികൾ കാഴ്ചയിൽനിന്നും വാനമേഘത്തിൽ മറഞ്ഞു-

5 ഉന്നതദേവ മഹിമയും വിലയേറിയ രത്നകാന്തിക്കൊത്ത കതിരും
മിന്നിയ കണ്ണാടിപോലുള്ള തങ്ക വീഥിയും
എന്നുമഴിയാത്ത പണിയും എന്നുമാനന്ദവുമുള്ള
പൊന്നെരുശലേമും കൊ ുവന്നു മോദത്തോടു സീയോൻ
നന്ദിനിയെ ചേർത്തുകൊൾവാൻ- **J.J.**